# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇട്ടിവ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**

**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM P3/1140/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/03/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇട്ടിവ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/1140/21 തീയ്യതി: 10/03/2022

## കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൈമൺ. കെ. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീമതി. അമ്പിളി. എം. ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-07-2021 | 30-07-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ജി. സജികുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അരുൺ കുമാർ. എ), അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജയകുമാരിഅമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എസ്. ശ്രീകുമാർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ദിനേശ് കുമാർ ജി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പ്രഭാകരൻ പിള്ള | സെക്രട്ടറി | 01-04-2019 | 01-08-2019 |
| ശ്രീമതി.ഉഷാകുമാരിയമ്മ | സെക്രട്ടറി | 01-08-2019 | 28-10-2019 |
| ശ്രീമതി.സബിത | സെക്രട്ടറി | 29-10-2019 | 09-02-2020 |
| ശ്രീ.റെജിമോൻ | സെക്രട്ടറി | 10-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നസിം.എം | കൃഷി ഓഫീസർ | 01-04-2019 | 13-11-2019 |
| ശ്രീമതി.സുമി.എ | കൃഷി ഓഫീസർ | 14-11-2019 | 31-03-2020 |
| ഡോ.മായ | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.സീമ.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽകുമാർ ഡി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.അജി കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സബിത | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.സൂസൻ മാത്യു | വി.ഇ.ഒ | 01-04-2019 | 06-06-2019 |
| ശ്രീമതി.സുമം | വി.ഇ.ഒ | 13-06-2019 | 06-02-2020 |
| ശ്രീ.മനാസ് രാജ് | വി.ഇ.ഒ | 13-02-2020 | 31-03-2020 |
| ശ്രീമതി.മേഘ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ചിത്രകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ റിയാസ്. എ. എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ. അൻവർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 06-08-2019 |
| ഡോ. ആതിര. എസ്. കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 07-08-2019 | 30-11-2019 |
| ഡോ. രാധിക. എസ്. | മെഡിക്കൽ ഓഫീസർ | 01-12-2019 | 29-02-2020 |

| | | | |
|---|---|---|---|
| ഗോപൻ | (പി.എച്ച്.സി.) | | |
| ഡോ. സീമി. ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 29-02-2020 | 31-03-2020 |
| ഡോ. സുബാഷ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 26-07-2021)<br>Last Updated By: Santhosh N (Computer Assistant, On 16-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 26-07-2021)<br>Last Updated By: Santhosh N (Computer Assistant, On 16-10-2021) | 1-2 |
| 3 | വാർഷികക്കണക്കു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 26-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം.<br>Written By: Jayakumari Amma G (Senior Grade Auditor, On 26-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 03-09-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun Kumar A (Asst. Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 16-10-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-09-2021) | 1-7 |
| 10 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-7-1 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് തുക അനുവദിച്ചു.<br>Written By: Jayakumari Amma G (Senior Grade Auditor, On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 03-09-2021) | 1-7-2 |
| 12 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-09-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി).<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-09-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-09-2021) | 1-10 |
| 15 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി : പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.<br>Written By: Arun Kumar A (Asst. Audit Officer, On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-12-2021) | 1-11 |

| | | |
|---|---|---|
| 16 | വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 16-10-2021) | 1-12 |
| 17 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 4,68,750/-രൂപ തടസപ്പെടുത്തുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-12-2021) | 1-13 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 6,66,653/- രൂപാ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | 1-14 |
| 19 | വാട്ടർ അതോറിറ്റി വെള്ളക്കരം ഒടുക്കൽ, വെള്ളക്കരം ഇനത്തിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകൾ കുറവുവരുത്താതെ വാട്ടർ അതോറിറ്റി ബില്ലുകൾ നല്കി വരുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 03-09-2021) | 1-15 |
| 20 | 2018-19 സാമ്പത്തിക വർഷം ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-16 |
| 21 | ടാറിംഗ് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല,16,579/- രൂപാ നിരാകരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-12-2021) | 1-17 |
| 22 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല. 5,550/- രൂപായുടെ നഷ്ടം.<br>Written By: G.Sajikumar (Audit Officer (HG), On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-18 |
| 23 | കന്നുകുട്ടി വളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി-16,000/-രൂപ നിരാകരിക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-12-2021) | 1-19 |
| 24 | ആട് വളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി-4,000/-രൂപ നിരാകരിക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 27-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-20 |
| 25 | ലൈഫ് ഭവന പദ്ധതി - അവലോകനം.<br>Written By: Arun Kumar A (Asst. Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 03-02-2022) | 1-21 |
| 26 | പാലിയേറ്റീവ് കെയർ- അവലോകനം.<br>Written By: Arun Kumar A (Asst. Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-22 |
| 27 | അനർഹമായി ആനുകൂല്യം നൽകി -തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 07-09-2021) | 1-23 |
| 28 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-24 |
| 29 | മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ | 1-25 |

| | | |
|---|---|---|
| | അപാകത.<br>Written By: Sreekumar.S (Auditor, On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 07-09-2021) | |
| 30 | തൊഴിൽനികുതി പിരിവിലെ അപാകതകൾ.<br>Written By: Sreekumar.S (Auditor, On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 1-26 |
| | **ഭാഗം 2** | |
| 1 | ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത.<br>Written By: Sreekumar.S (Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 2-1 |
| | **ഭാഗം 3** | |
| 1 | ടാറിംഗ് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല, 16,579/- രൂപാ നിരാകരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 3-1 |
| 2 | കന്നുകുട്ടി വളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി-16,000/-രൂപ നിരാകരിക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 16-10-2021) | 3-2 |
| 3 | ആട് വളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി-4,000/-രൂപ നിരാകരിക്കുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 07-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്.<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 07-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 10-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 07-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |

| | | |
|---|---|---|
| | Written By: Arun Kumar A (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 07-12-2021) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

14.2.2019 തീയതിയിലെ 5(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 14.05.2020 | - | - |

### 1-2-1 വാർഷികക്കണക്ക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. 2018-19 B-4 ഷെഡ്യൂൾ 320300199 ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടുള്ള 24,000/- രൂപ ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം ഇനത്തിലുള്ള ബാധ്യത തുകയാണ്. ആയത് 2019-2020 വർഷം ലൈഫ് സ്റ്റേറ്റ് ഷെയർ തുകയായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2. Recoveries Payable - ജീവനക്കാരുടെ NPS വിഹിതം മാത്രമാണ് B-9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്. സ്ഥാപനത്തിന്റെ വിഹിതം ബാധ്യതയായി ടി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. Property Tax-Residential &Non-Residential Buildings സഞ്ചയയും സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല.

5. ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 39,740/-രൂപയിൽ 20,581/-രൂപയുടെ വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

6. ബ്ലോക്ക് വിഹിതം ഇനത്തിൽ ലഭിച്ച തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,10,68,897/-രൂപ |
| വരവ് | 9,36,19,815/-രൂപ |
| ആകെ | 12,46,88,712/-രൂപ |
| ചെലവ് | 9,60,31,491/-രൂപ |
| നീക്കിയിരിപ്പ് | 2,86,57,221/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 10,558/-രൂപ |
| നിരാകരിച്ച തുക | 36,579/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 14,56,403/-രൂപ |

**1-4 ഗ്രാന്റ് വിനിയോഗം.**

| ഫണ്ടിനം | | ഒ.ബി (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | സി.ബി/ ലാപ്സായ തുക (രൂപ) | ക്യൂ ബിൽ (രൂപ) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | - | 2,06,81,420/- | 2,06,81,420/- | 1,92,16,956/- | 14,64,464/- | 14,62,413/- |
| വികസന ഫണ്ട്-എസ്.സി.പി | | - | 1,01,97,000/- | 1,01,97,000/- | 62,39,366/- | 39,57,634/- | 17,86,607/- |
| വികസന ഫണ്ട്-ടി.എസ്.പി | | - | - | - | - | - | - |
| മെയിന്റനൻസ്, റോഡ് | | | 84,22,000/- | 84,22,000/- | 24,92,806/- | 59,29,194/- | 20,43,357/- |
| മെയിന്റനൻസ്, നോൺ-റോഡ് | | | 62,75,000/- | 62,75,000/- | 29,32,188/- | 33,42,812/- | 5,35,871/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 1,64,80,063/- | 1,64,80,063/- | 83,93,733/- | 80,86,330/- | 77,68,839/- |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി-കളുടെ കൂലി | | 5,33,76,548/- | 5,33,76,548/- | 5,33,76,548/- | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 20,217 | 32,70,127/- | 32,90,344/- | 32,88,893/- | 1,451/- | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ICDS | | 15,86,949/- | 15,80,508/- | 31,67,457/- | 19,94,869/- | 11,72,588/- | |
| TSC | | 16,58,362/- | 2,25,125/- | 18,83,487/- | 8,47,125/- | 10,36,362/- | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) LIFE | | 0 | 1,08,00,000/- | 1,08,00,000/- | 1,08,00,000/- | 0 | |
| കേരളോത്സവം | | | 20,000/- | 20,000/- | 20,000/- | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 8,52,155/- | 19,04,750/- | 27,56,905/- | 17,54,478/- | 10,02,427/- | |
| | ജില്ലാ പഞ്ചായത്ത് | 5,12,795/- | 84,83,000/- | 89,95,795/- | 89,43,000/- | 52,795/- | |
| ബി ഫണ്ട് | | | 2,52,840/- | 2,52,840/- | 2,52,840/- | | |

**1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിലായി വിവിധ പദ്ധതികൾക്കായി വിവിധ ഫണ്ടുകളിൽനിന്നും വകയിരുത്തിയിരുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ് മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യസ്തമായാണ് ഉൾപ്പെട്ടു വന്നിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക (രൂപ) | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക (രൂപ) |
|---|---|---|---|
| വികസനഫണ്ട് - ജനറൽ | ഉല്പാദനം | 2,44,42,890/- | 58,90,920/- |
| | സേവനം | 12,56,49,523/- | 1,70,09,819/- |
| വികസനഫണ്ട്- എസ്.സി.പി | ഉല്പാദനം | 19,35,000/- | 6,51,000/- |
| | സേവനം | 4,86,79,966/- | 77,69,171/- |
| മെയിന്റനൻസ് ഗ്രാന്റ് | സേവനം | 47,93,757/- | 23,43,757/- |

| | | | |
|---|---|---|---|
| റോഡിതരം | | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | സേവനം | 1,12,20,780/- | 32,20,780/- |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 275 | 14,15,07,537/- | 123 | 7,57,66,637/- | 21 | 131 | 44.72 |

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20,217/- | 32,70,127/- | 32,90,344/- | 32,88,893/- | 1,451/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 5,33,76,548/- | 5,33,76,548/- | 5,33,76,548/- | |

**1-7 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,52,840/- | 135 |
| കർഷകതൊഴിലാളി പെൻഷൻ | 19,31,400/- | 529 |
| വിധവാപെൻഷൻ | 63,23,400/- | 1883 |
| വാർദ്ധക്യകാലപെൻഷൻ | 1,24,11,000/- | 3650 |
| വികലാംഗപെൻഷൻ | 18,69,600/- | 539 |
| 50 വയസ്സിനുമകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1,54,800/- | 45 |

**1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.**

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2019-2020 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | അബ്ദുൾ റഹ്മാൻ | വാർദ്ധക്യകാല പെൻഷൻ | 103680201548 | 16.1.2020 | ജനവരി 2020 മുതൽ ജൂൺ 2021 വരെ | 27,300/- |
| 2 | ബാലകൃഷ്ണനാചാരി | വാർദ്ധക്യകാല പെൻഷൻ | 103680201061 | 10.2.2020 | ഫെബ്രുവരി മുതൽ ജൂൺ വരെ | 22,800/- |
| 3 | നാഗമ്മ | വിധവാ പെൻഷൻ | 03680600213 | 24.2.2020 | ഫെബ്രുവരി മുതൽ ജൂൺ വരെ | 23,800/- |
| 4 | മനോഹരനാചാരി | വാർദ്ധക്യകാല പെൻഷൻ | 103680201692 | 15.3.2020 | മാർച്ച് മുതൽ ജൂൺ വരെ | 22,600/- |
| | ആകെ | | | | | 96,500/- |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക 96,500/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-7-2 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് തുക അനുവദിച്ചു.**

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിലേക്ക് തുക അനുവദിച്ചതായി കാണുന്നു. പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ പെൻഷണറുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനർഹമായി അനുവദിച്ച തുക സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം: | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | ബാങ്കിലേക്ക് തുക അനുവദിച്ച കാലയളവ് |
|---|---|---|---|---|---|
| 1 | തങ്കപ്പൻ | കർഷക തൊഴിലാളി പെൻഷൻ | 103680100524 | 21.01.2020 | ഒക്ടോബർ 2019 മുതൽ ഡിസംബർ 2020 വരെ |
| 2 | അബ്ദുൾ റഹ്മാൻ | വാർദ്ധക്യകാല പെൻഷൻ | 103680202147 | 18.02.2020 | മാർച്ച് 2020 മുതൽ മേയ് 2021 വരെ |

**<u>1-8 ക്യാഷ് പരിശോധന</u>**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.7.2021ന് 11.45 Am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,386/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരുപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**<u>1-9 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി).</u>**

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ഡി.&ഒ. ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി താരതമ്യേന മെച്ചപ്പെട്ട ഒരു അഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് ഇവ കാലികമല്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് ക്രമരഹിതമായ ധനമിടപാടുകൾ നടന്നുവരുന്നു. പെൻഷനർ മരണപ്പെട്ട ശേഷവും തുക വിതരണം ചെയ്തുകാണുന്നു. ബാങ്ക് മുഖേനയും അക്കൗണ്ടിലൂടെയും ഇത്തരത്തിൽ ക്രമരഹിതമായി പണം നൽകിയതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിവിധ ഫണ്ടുകൾ അക്കൗണ്ട് ചെയ്യുന്നതിലും നടപടിക്രമങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്

നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.19 | 7/19 & 8/19 | 28.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.4.2017 മുതൽ 2.5.2017 വരെ | 2012-13 മുതൽ 2016-17 വരെ | 16.06.2017 |

**1-11 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി : പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.**

2019-20 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതിയിൽ 806.23 ലക്ഷം രൂപ വകയിരുത്തി 238000 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരിന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 179265 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് കാണുന്നു. (ലക്ഷ്യം വച്ചതിന്റെ 75.32%). 5,99,54,930/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വകയിരുത്തിയ അടങ്കൽ തുകയുടെ 74.37% മാത്രമാണ്. ഇതിൽത്തന്നെ 5,16,74,270/-രൂപ തൊഴിലാളികളുടെ വേതനം ഇനത്തിലുള്ളതും, 82,80,660/-രൂപ സാധന സാമഗ്രികളുടെ വിലയിനത്തിലുള്ളതുമാണ്. (31.03.2020 വരെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ആയ തുക 5,99,54,930/-).

പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | നടപ്പിലാക്കാൻ കഴിഞ്ഞ എണ്ണം | നടപ്പിലാക്കിയതിന്റെ കണക്ക് (%) |
|---|---|---|---|---|
| 1 | മരം വച്ച് പിടിപ്പിക്കലും സംരക്ഷണവും (കശുമാവ്) | 41 | 22 | 53.66 |
| 2 | മണ്ണ് – ജലസംരക്ഷണ പ്രവൃത്തികൾ | 391 | 116 | 29.67 |
| 3 | പാരമ്പര്യ ജല സ്രോതസുകളുടെ നവീകരണം (കുളം നവീകരണം) | 28 | 2 | 7 |
| 4 | തോടുകളുടെ സംരക്ഷണം. | 95 | 40 | 42.1 |
| 5 | ഭവനനിർമാണ പ്രവൃത്തികൾ. | 630 | 162 | 25.7 |
| 6 | വ്യക്തിഗത ആസ്തികൾ. | | | |
| | 1. കന്നുകാലി തൊഴുത്ത് | 210 | 27 | 12.85 |
| | | | | |

| | | | | |
|---|---|---|---|---|
| | 2.ആട്ടിൻ കൂട് | 420 | 9 | 2.14 |
| | 3.കോഴിക്കൂട് | 420 | 4 | 0.95 |
| | 4.കിണർ നിർമ്മാണം | 210 | 19 | 9.04 |
| | 5.കക്കൂസ് നിർമ്മാണം | 210 | 14 | 6.66 |
| 7 | റോഡ് കോൺക്രീറ്റിങ് | 298 | 11 | 3.69 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

**1-12 വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല**

പ്രോജക്ട് വീട് മെയിന്റനൻസ്, ജനറൽ

പ്രോജക്ട് നമ്പർ – 99/19-20

അടങ്കൽ – 33,60,000/-രൂപ

(വികസനഫണ്ട് ജനറൽ)

ചെലവ്-31,40,000/-രൂപ

ഈ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാൻ അഡ്വാൻസ് ആയി 20,000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | പേര് | തുക നൽകിയ വിവരം |
|---|---|---|
| 1) | ആബിദാ ബീവി, തൊടിയൂർ വീട്, മണലുവട്ടം. (വാർഡ്-12) | ബിൽ നമ്പർ – 5/25-09-19, |

വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താവ് പണി പൂർത്തീകരിച്ചിട്ടില്ല എന്നും പണി പൂർത്തീകരിക്കുന്നതിന് നോട്ടീസ് അയച്ചിട്ടുണ്ടെന്നും വി.ഇ.ഒ മറുപടി നൽകി. പണി പൂർത്തിയാക്കി രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പിഴപലിശസഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി.നം.1 തീയതി.14.7.21.

**1-13 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 4,68,750/-രൂപ തടസപ്പെടുത്തുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ.

പ്രോജക്ട് നം. – 36/ 19-20.

അടങ്കൽ - 18,75,000/-രൂപ (4,68,750/- വികസന ഫണ്ട് ജനറൽ, 4,68,750/- സംസ്ഥാനാവിഷ്കൃത ഫണ്ട്, 9,37,500/- ഗുണഭോക്തൃ വിഹിതം നേരിട്ട് ചിലവഴിക്കുന്നത്).

ചെലവ് -4,68,750/-രൂപ, വികസന ഫണ്ട് ജനറൽ.

ട്രഷറി ബിൽ നം. - 31/18.03-20, തുക – 4,68,750/-രൂപ.

ഇട്ടിവ ഗ്രാമ പഞ്ചായത്തിലെ 4 മുതൽ 7 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾ ഉള്ള 75 ക്ഷീര കർഷകർക്ക് കാലിത്തീറ്റക്ക് സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനായി വെറ്റിനറി സർജൻ 4,68,750/- രൂപ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കൊല്ലം -ന്റെ STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക്, ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

തടസപ്പെടുത്തുന്ന തുക-4,68,750/-

(ഓഡിറ്റ് അന്വേഷണം നം. 12/22.7.21)

## 1-14 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 6,66,653/- രൂപാ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെക്കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക (രൂപ) | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | വയ്യാനം മാർക്കറ്റ് ടോയ് ലൈറ്റിന് കുഴൽകിണർ (162/20)<br>അടങ്കൽ തുക-5,16,700/- രൂപ (വികസന ഫണ്ട്) | ഭൂജല വകുപ്പ്, കൊല്ലം | 1,29,533/-<br>3,77,120/- | 14, തീ. 16-07-2019<br>15, തീ. 16-07-2019 |
| 2 | പൊതിയാരുവിള അരത്തകണ്ടപ്പൻ ക്ഷേത്രം റോഡിൽ വാട്ടർലൈൻ എക്സ്റ്റൻഷൻ (282/20)<br>അടങ്കൽ തുക-1,10,000/- രൂപ (തനത്ഫണ്ട്) | കേരളാ വാട്ടർ അതോറിറ്റി | 1,10,000/- | ചെക്ക് നം. 514557 തീ. 09-12-2019 |
| 3 | ജീവനം (118/20)<br>അടങ്കൽ തുക-50,000/- രൂപ (വികസന ഫണ്ട്) | ജില്ലാ പഞ്ചായത്ത്, കൊല്ലം | 50,000/- | 11, തീ. 17-08-2019 |
| | | ആകെ | 6,66,653/- | |

വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 6,66,653/- രൂപാ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൽ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം- 3, തീയതി, 19-07-2021

തടസ്സപ്പെടുത്തിയ തുക-6,66,653/- രൂപ.

## 1-15 വാട്ടർ അതോറിറ്റി വെള്ളക്കരം ഒടുക്കൽ, വെള്ളക്കരം ഇനത്തിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകൾ കുറവുവരുത്താതെ വാട്ടർ അതോറിറ്റി ബില്ലുകൾ നല്കി വരുന്നു.

പ്രോജക്ട്-വാട്ടർ അതോറിറ്റി വെള്ളക്കരം ഒടുക്കൽ (2/20).

അടങ്കൽ തുക -4,25,000/-രൂപ (സംരക്ഷണ ഗ്രാൻറ്, റോഡിതരം).

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

2019-20 സാമ്പത്തിക വർഷത്തിൽ വെള്ളക്കരം ഇനത്തിൽ കേരളാ വാട്ടർ അതോറിറ്റിയിൽ 4,04,256/- രൂപാ അടവാക്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ എക്സി. എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കരയുടെ 26-03-2018 ലെ E3/KWA/PHDn/KTR 436/2016 നമ്പർ കത്തിൽ ഗ്രാമ പഞ്ചായത്തും, കേരളാ വാട്ടർ അതോറിറ്റിയും സംയുക്തമായി നടത്തിയ പരിശോധനയിൽ പൊതു ടാപ്പുകളുടെ എണ്ണം 73 ആയി നിശ്ചയിക്കുകയും അതിൻപ്രകാരം വെള്ളക്കരം അടവാക്കുകയും ചെയ്തു. തുടർന്ന് 07-12-2018 ലെ E3/KWA/PHDn/KTR 436/2016 നമ്പർ

കത്തുപ്രകാരം ഇട്ടിവാ ഗ്രാമ പഞ്ചായത്തിൽ 81 പൊതുടാപ്പുകൾ ഉണ്ടെന്നും ആയതിന്റെ വെള്ളക്കരം അടയ്ക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 81 പൊതു ടാപ്പുകൾ കണക്കാക്കി ബില്ല് നല്കുകയും ചെയ്യുന്നു. എന്നാൽ ഇപ്രകാരം പൊതുടാപ്പുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായത് പഞ്ചായത്ത് അറിഞ്ഞിട്ടില്ലെന്നും ആയതിനാൽ സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റിക്ക് കത്ത് നല്കുകയും ചെയ്തു. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല (പൊതുടാപ്പ് ഒന്നിന് പ്രതിവർഷം 5,250/-രൂപ ക്രമം).

വെള്ളക്കരം ഇനത്തിൽ തുക ഒടുക്കു വരുത്തുന്നുണ്ടെങ്കിലും ആയത് കൃത്യമായി കുറവ് വരുത്താതെ വൻതുക കുടിശ്ശിക രേഖപ്പെടുത്തിയിട്ടുള്ള ബില്ലാണ് കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാനം വരെ ലഭിച്ചുകൊണ്ടിരിക്കുന്നത്.

സംയുക്ത പരിശോധനയിൻമേൽ സ്വീകരിച്ച തുടർ നടപടികളും, വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചുവരുന്ന ബില്ലുകളുടെ അപാകതകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 4, തീയതി 19-07-2021) വാട്ടർ അതോറിറ്റിയുടെ കണക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 16-10-2019 ലെ 7(1) തീരുമാന പ്രകാരം അംഗീകരിക്കുകയും അതിൻപ്രകാരം 81 ടാപ്പുകളുടെ വെള്ളക്കരം (ഒരു ടാപ്പിന് പ്രതിവർഷം 5,250/- രൂപാ ക്രമം) ഒടുക്കുവരുത്തുകയും ചെയ്തുവരുന്നതായി മറുപടി നല്കി. കൂടാതെ തെറ്റായ അക്കൗണ്ടിൽ വെള്ളക്കരത്തുക വാട്ടർ അതോറിറ്റി ക്രെഡിറ്റ് ചെയ്തതിനാലാണ് തെറ്റായ ബില്ല് ലഭിക്കുന്നതെന്നും അറിയിച്ചു.
സംയുക്ത പരിശോധനാ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ബില്ലിലെ അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**<u>1-16 2018-19 സാമ്പത്തിക വർഷം ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.</u>**

2014-15 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയരുടെ അക്കൗണ്ടിൽ ആണ് അടവാക്കിയിട്ടുള്ളത്. ഈ ഇനത്തിൽ 2,96,749/- രൂപാ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയരുടെ അക്കൗണ്ടിൽ ഉണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

**<u>1-17 ടാറിംഗ് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല,16,579/- രൂപാ നിരാകരിക്കുന്നു.</u>**

റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിൻറെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. കാലി ബാരൽ വില ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്നതു മൂലം അധികം ചെലവഴിച്ച 16,579/- രൂപാ നിരാകരിക്കുന്നു. (വിശദവിവരം ഖണ്ഡിക 3-1 കാണുക).

**<u>1-18 യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല. 5,550/- രൂപായുടെ നഷ്ടം.</u>**

പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) ടെണ്ടർ നിബന്ധന എന്നിവപ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1% പിഴ ഈടാക്കിക്കൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനു ശേഷവും കരാർ വച്ചിട്ടില്ലെങ്കിൽ

നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരക്കേണ്ടതാണ്. താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവ്യത്തികൾക്ക് കരാർ വച്ചിട്ടുള്ളത് നിയമാനുസൃത പിഴ ഈടാക്കാതെയാണ്.

| ക്ര.നം | പ്രവൃത്തി വിവരം | കരാർ തുക (രൂപ) | ഈടാക്കേണ്ടിയിരുന്ന പിഴ (രൂപ) |
|---|---|---|---|
| 1 | പ്രവൃത്തി-വടക്കേകോണം തളിക്കോട് റോഡ് രണ്ടാം ഘട്ടം.<br>കരാറുകാരൻ- ശ്രീമതി. പ്രസന്ന കുമാരി, ചന്തു ഭവൻ, ചരിപ്പറമ്പ്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി – 04-02-2019<br>കരാർ വച്ച തീയതി - 11-02-2019 | 1,50,000/- | 1,500/- |
| 2 | പ്രവൃത്തി- എൽ എം എസ് എൽ പി എസ്, പാറക്കടവ് റോഡ് കോൺക്രീറ്റിംഗ്.<br>കരാറുകാരൻ- ശ്രീ- അർഷാദ് ആർ പ്രസാദ്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി – 12-07-2018<br>കരാർ വച്ച തീയതി- 13-07-2018 | 2,50,000/- | 2,500/- |
| 3 | പ്രവൃത്തി- വട്ടപ്പാടി അംഗനവാടിക്ക് റൂഫിംഗ്.<br>കരാറുകാരൻ- ശ്രീ- മോഹനൻ പിള്ള, മോഹനവിലാസം, കാട്ടാമ്പള്ളി<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി - 04-02-2019<br>കരാർ വച്ച തീയതി- 11-02-2019 | 1,55,000/- | 1,550/- |
| | | ആകെ | 5,550/- |

യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 5,550/- രൂപാ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5, തീയതി 19-07-2021) പിഴ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി.

ഓഡിറ്റ് അന്വേഷണം- 5, തീയതി 19-07-2021

നഷ്ടം-5,550/-രൂപ.

**1-19 കന്നുകുട്ടി വളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി-16,000/-രൂപ നിരാകരിക്കുന്നു.**

പ്രോജക്ട് നം./പേര് – 205/19-20 (കന്നുകുട്ടി വളർത്തൽ പദ്ധതി ജനറൽ, S.O).

അടങ്കൽ - 3,68,000/-രൂപ (1,68,000/-വികസനഫണ്ട്, 16,000/-തനത് ഫണ്ട്, 1,84,000/-ഗുണഭോക്തൃവിഹിതം).

ചെലവ് – 1,68,000/- (വികസന ഫണ്ട് ജനറൽ), 1,36,000/- (ഗുണഭോക്തൃ വിഹിതം).

ബിൽ.നം. 2/19.20-18.7.19 (1,20,000/-), 6/19-20,24.7.19 (48,000/-).

വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രസ്തുത പദ്ധതിപ്രകാരം ഒരു യൂണിറ്റിന് (യൂണിറ്റ് ഒന്നിന് ഒരു കിടാരി) 16,000/- രൂപ നിരക്കിൽ (8,000/- സബ്സിഡി, 8,000/- ഗുണഭോക്തൃവിഹിതം) 19 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ കൈപ്പറ്റു രസീതുപ്രകാരം 16,000/- രൂപ വിലയുള്ള 19 കിടാരികളെ വെറ്റിനറി സർജൻ പക്കൽനിന്നും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് വർഷം ബാധകമായ സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ ത.സ്വ.ഭ.വ. തീയതി 14.02.2018, ഖണ്ഡിക.6-2-4 പ്രകാരം പൊതുവിഭാഗത്തിന് കിടാരിയുടെ വിലയുടെ 50%, പരമാവധി 8,000/-മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്.

മേൽപ്രകാരം 1,52,000/-രൂപ (19x8,000/-) മാത്രമേ ചിലവഴിക്കാവൂ എന്നിരിക്കെ 1,68,000/-രൂപ കിടാരികളെ സപ്ലൈ ചെയ്ത ഷൗക്കത്ത്, തടിക്കാട് എന്നയാൾക്ക് നൽകിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക്, ട്രഷറിയിൽ കൂടിയ തുകയുള്ള ബില്ലുകൾ മാറാൻ തടസം നേരിട്ടപ്പോൾ ആകെ തുക സ്പ്ളിറ്റ് ചെയ്ത് ചെറിയ ബില്ലുകൾ ആക്കിയപ്പോൾ പറ്റിയ പിശകാണെന്ന് മറുപടി ലഭ്യമാക്കി.

സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 16,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. – 9/22.07.21.

നിരാകരിച്ച തുക- 16,000/-.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ.

**1-20 ആട് വളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി-4,000/-രൂപ നിരാകരിക്കുന്നു.**

പ്രോജക്ട്- 207/22 (19-20 വർഷം) ആട് വളർത്തൽ പൊതുവിഭഗം (സ്പിൽ ഓവർ).

ആകെ അടങ്കൽ 3,80,000/-രൂപ.

(1,64,000/-വികസന ഫണ്ട് ജനറൽ, 20,000/- തനത് ഫണ്ട്, 1,96,000/- ഗുണഭോക്തൃ വിഹിതം).

ആകെ ചിലവ്- 3,24,000/- ( 1,60,000/- വികസന ഫണ്ട് ജനറൽ, 1,64,000/-ഗുണഭോക്തൃ വിഹിതം).

ബിൽ നം.-1 തീയതി 18.07.19,ബിൽ നം. 4തീയതി-18.7.19, ബിൽ നം. 8 തീയതി 24.7.19.

മുൻ വർഷത്തെ അടങ്കലിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയിൽ തൻ വർഷം 39 ഗുണഭോക്താക്കൾക്ക് പെണ്ണാടിനെ വിതരണം നടത്തി. (ഒരു യൂണിറ്റ് -ഒരു പെണ്ണാട് ,8000രൂപ വിലയുള്ളത്) .

ഗുണഭോക്താക്കളുടെ കൈപ്പറ്റുരസീതുപ്രകാരം 8,000/- രൂപ വിലയുള്ള 39 പെണ്ണാടുകളെ വെറ്റിനറി സർജൻ പക്കൽനിന്നും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ബാധകമായ സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018, ഖണ്ഡിക 6-2-2 പ്രകാരം പൊതുവിഭാഗത്തിന് പെണ്ണാടിന്റെ വിലയുടെ 50%, പരമാവധി 10,000/-രൂപ മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്.

മേൽപ്രകാരം 1,56,000/-രൂപ (39x4,000/-) മാത്രമേ ചിലവഴിക്കാവൂ എന്നിരിക്കെ 1,60,000/-രൂപ സപ്ലയറായ ഷൗക്കത്ത്, തടിക്കാട് എന്ന ആൾക്ക് നൽകിയിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി പ്ലാൻ ഫണ്ടിൽ നിന്നും 4,000/-രൂപ അധികമായി നല്കിപ്പോയിട്ടുണ്ടെന്നും, ട്രഷറിയിൽ കൂടിയ തുകയുള്ള ബില്ലുകൾ മാറാൻ തടസം നേരിട്ടപ്പോൾ ആകെ തുക സ്പ്ളിറ്റ് ചെയ്ത് ചെറിയ ബില്ലുകൾ ആക്കിയപ്പോൾ പറ്റിയ പിശകാണെന്നും മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗരേഖക്ക് വിരുധമായി അധികം ചെലവഴിച്ച 4,000/- രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. – 11/22.07.21.

നിരാകരിച്ച തുക- 4,000/-രൂപ.

നിർവഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ.

**1-21 ലൈഫ് ഭവന പദ്ധതി - അവലോകനം.**

ലൈഫ് മിഷൻ പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം എന്ന പദ്ധതി പ്രോജക്ട് നമ്പർ 100/20, ഭൂരഹിതർക്ക് ഭൂമി വാങ്ങൽ 324/20 എന്നിവ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും പ്രോജക്ട് നമ്പർ 114/20- (ഭവന നിർമ്മാണം), 327/20 (ഭൂരഹിതർക്ക് ഭൂമി വാങ്ങൽ) എന്നിവ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുമായി തൻവർഷം നടപ്പിലാക്കി. പദ്ധതികളുടെ ഫണ്ട് വകയിരുത്തൽ ചുവടെ ചേർക്കുന്നു.

| 100/20-ജനറൽ | | | 114/20 പട്ടികജാതി | | |
|---|---|---|---|---|---|
| ഫണ്ട് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ഫണ്ട് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
| വികസനഫണ്ട് പൊതുവിഭാഗം | 26,18,564/- | 16,40,000/- | വികസനഫണ്ട് എസ്.സി.പി | 20,44,400/- | 20,00,000/- |
| സംസ്ഥാവിഷ്കൃത ഫണ്ട് | 10,00,000/- | | സംസ്ഥാവിഷ്കൃത ഫണ്ട് | 15,00,000/- | |
| ബ്ലോക്ക് ഷെയർ | 18,10,379/- | - | ബ്ലോക്ക് ഷെയർ | 14,80,381/- | - |
| ജില്ലാ പഞ്ചായത്ത് | 18,32,947/- | - | ജില്ലാ പഞ്ചായത്ത് | 5,93,394/- | 3,20,000/- |
| ലോൺ | 22,00,000/- | - | ലോൺ | 33,00,000/- | - |
| ആകെ | 94,61,890/- | 16,40,000/- | ആകെ | 89,18,175/- | 2,32,00,000/- |

ജനറൽ വിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 7 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചു ഒരു ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ വീട് നിർമ്മാണത്തിനായി എഗ്രിമെന്റ് ചമച്ച 24 പേരിൽ 23 പേർ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഒരു ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

| 324/20-ജനറൽ | | | 327/20 പട്ടികജാതി | | |
|---|---|---|---|---|---|
| ഫണ്ട് | അടങ്കൽ | ചെലവ് | ഫണ്ട് | അടങ്കൽ | ചെലവ് |
| തനത് ഫണ്ട് | 50000/- | | തനത് ഫണ്ട് | 5000000/- | 2000000/- |
| ജില്ലാ പഞ്ചായത്ത് | 6150000/- | 5400000/- | ജില്ലാ പഞ്ചായത്ത് | 2425000/- | 2250000/- |
| ആകെ | 6200000/- | 5400000/- | ആകെ | 2475000/- | 2250000/- |

ജനറൽ വിഭാഗത്തിൽപ്പെട്ട 43 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 27 ഗുണഭോക്താക്കൾ ഭൂമി വാങ്ങി. ,ബാക്കിയുള്ള 16 ഗുണഭോക്താക്കൾ പ്രവൃത്തി അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിച്ചു. പട്ടികജാതിവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ എഗ്രിമെന്റ് ചമച്ച 10 പേരിൽ 10 പേരും ഭൂമി വാങ്ങിയതായി വി.ഇ.ഒ. അറിയിച്ചു.

മേൽ പദ്ധതികൾ പ്രകാരം വീട് നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെ, പണി പൂർത്തീകരിപ്പിക്കുന്നതിനോ അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 പാലിയേറ്റീവ് കെയർ- അവലോകനം.**

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന, ദീർഘകാല ചികിത്സയും

പരിചരണവും ആവശ്യമായ രോഗികളെ കണ്ടെത്തി അവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതിനായി സർക്കാർ ഒരു പാലിയേറ്റീവ് പരിചരണ നയം (Pain And Palliative Care Policy Of Kerala) (സ.ഉ.(പി) നം. 109/2008/ആ.കു.ക്ഷേ.വ തീയതി 15.04.2008) രൂപീകരിക്കുകയും ആയതിനായുള്ള മാർഗ്ഗരേഖ 2009 -ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് 2012 -ലും വിദഗ്ദ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015-ലും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിക്കുകയുണ്ടായി. ഉയർന്ന ആയുർദൈർഘ്യം, ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ എന്നിവ കാരണം ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യ സഹജമായ രോഗങ്ങളുടേയും തോത് വർദ്ധിച്ചതിനാൽ മുൻ മാർഗ്ഗരേഖയിൽ കാലോചിത മാറ്റങ്ങൾ വരുത്തി 07-03-2019 -ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം ആയത് വീണ്ടും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2019-20 -ൽ ഇട്ടിവ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക വിനിയോഗം | | |
|---|---|---|---|---|
| | | ഫണ്ടിനം | അടങ്കൽ (₹) | ചെലവ് (₹) |
| 68/19-20 സാന്ത്വന പരിചരണ ചികിത്സാ പദ്ധതി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | വികസന ഫണ്ട് – ജനറൽ | 6,00,000/- | 5,54,800/- |
| | | ആകെ | 6,00,000/- | 5,54,800/- |

വകയിരുത്തിയ തുകയുടെ 92.58 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

**1. പഞ്ചായത്ത്തല പ്രവർത്തനങ്ങൾ**

മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ഗൃഹ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രോഗികളുടെ വിവരങ്ങളടങ്ങുന്ന നോമിനൽ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ, സന്ദർശന വിവരങ്ങളടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. . ഹോം കെയർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് വാഹനം ക്വട്ടേഷൻ മുഖേന മാനദണ്ഡങ്ങൾ പാലിച്ചാണ് വാടകയ്ക്കെടുത്തിട്ടുള്ളത്. 2019-20 വർഷാവസാനത്തെ രോഗികളുടെ സ്ഥിതി വിവര കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ രോഗികൾ | 1279 |
| രജിസ്റ്റർ ചെയ്ത രോഗികളിൽ മരണപ്പെട്ടവർ | 601 |
| രോഗം ഭേദമായവർ | 15 |
| ചികിത്സ നിർത്തിയവർ | 5 |
| ഫോളോ അപ്പ് രോഗികൾ | 185 |
| ഒ.പി യിൽ ചികിത്സ തേടുന്നവർ | 78 |
| സെക്കന്ററി കെയർ ഉള്ളവർ | 15 |
| ഫിസിയോ തെറാപ്പി ചെയ്യുന്നവർ | 10 |
| 60 വയസ്സിന് മുകളിലുള്ള രോഗികൾ | 55 |
| കാൻസർ രോഗികൾ | 30 |
| ഡയാലിസിസ് ചെയ്യുന്നവർ | 16 |

| | |
|---|---|
| മോർഫിൻ കഴിക്കുന്നവർ | 2 |

**2. വാർഡ് /സബ്സെൻ്റർ തല പ്രവർത്തനങ്ങൾ**

ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളെ ആശാവർക്കർമാരുടേയും മറ്റ് സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും രോഗികൾക്ക് പൂർണ്ണ മാനസിക ശാരീരിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് സമിതികൾ രൂപീകരിക്കുകയോ അവലോകന യോഗങ്ങൾ ചേരുകയോ ചെയ്തിട്ടില്ല. സബ് സെൻ്റർ തലത്തിലും യോഗങ്ങൾ ചേരുകയോ മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

**3. പാലിയേറ്റീവ് കെയർ മാനേജ്മെൻ്റ് കമ്മിറ്റി**

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെൻ്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷാരംഭത്തിൽ പിഎംസി പുനസംഘടിപ്പിച്ചിട്ടില്ല. 2019-20 വർഷം 27.03.2019, 13.05.2019, 25.03.2020 എന്നീ തീയതികളിലായി 3 തവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെൻ്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്.

**4. ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ**

ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതാണ്. ഈ യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്. ആയതിന് സ.ഉ(സാധാ) 519/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അവലോകന യോഗങ്ങൾ നടത്തിയിട്ടില്ല.

**5. വിഭവ സമാഹരണം**

ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിക്കുന്നതിന് രശീതി തയ്യാറാക്കുകയോ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയോ ചെയ്തിട്ടില്ല.

**6. മോണിട്ടറിംഗ്**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻ്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയും അവരുടെ യോഗങ്ങളിൽ ഒരു അജണ്ടയായ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ ചർച്ചചെയ്യണമെന്നും ഭരണ സമിതി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും അതിനനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

**നിർദ്ദേശങ്ങൾ**

1. വാർഡ് സമിതികൾ രൂപീകരിക്കുകയും അവലോകന യോഗങ്ങൾ ചേരുകയും ചെയ്യേണ്ടതാണ്. സബ്ബ് സെന്റർ തലത്തിലും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ആരോഗ്യ അവലോകന യോഗങ്ങൾ കൂടേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

4. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിററ് എൻക്വയറി.നം. 2/13-7-21.

**1-23 അനർഹമായി ആനുകൂല്യം നൽകി -തുക തടസ്സപ്പെടുത്തുന്നു.**

അടങ്കൽ-85795(വികസനഫണ്ട്-എസ്.സി.പി)

ചെലവ്-85795(ബിൽ നം.6/19-20/9.10.19)

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെട്ട സ്പിൽ ഓവർ പ്രവൃത്തിയായ എസ്സ്.സി ഗുണഭോക്താക്കൾക്ക് കുടിവെള്ള ഗാർഹിക കണക്ഷൻ എന്ന പ്രോജക്ട് പ്രകാരം 11 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചു നൽകി. ടി ഗുണഭോക്താക്കളിൽ റീന, ഷീജാവിലാസം എന്ന ഗുണഭോക്താവിന് 6,000/- രൂപ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം സന്തോഷ്, ശിവനിവാസ് എന്നയാളുടെ പേരാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റീന എന്ന ഗുണഭോക്താവിന്റെ ആധാർ, റേഷൻകാർഡ്, പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പുകളിൽ ഷീജാവിലാസം എന്ന മേൽവിലാസമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാളിന്റെ അക്കൗണ്ടിലേക്ക് തുക അനുവദിക്കാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. യഥാർത്ഥ ഗുണഭോക്താവിനാണ് ആനുകൂല്യം ലഭിച്ചതെന്നു സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ തുക തടസ്സത്തിൽ വയ്ക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം. 8 /19.7.2021.**

**തടസ്സപ്പെടുത്തിയ തുക- 6,000/- രൂപ.**

**1-24 മഴക്കാലപൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.**

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 3,15,000/-രൂപ ചെക്ക് നം.,1959988/22.6.19 പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സിയ്ക്ക് നൽകിയിട്ടുണ്ട്. വാർഡൊന്നിന് 15,000/-രൂപ വീതം 21 വാർഡുകളിലേക്ക് അനുവദിച്ച തുകയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. 5,000/- രൂപ തനതുഫണ്ടും 10,000/- രൂപ ശുചിത്വമിഷൻ ഫണ്ടിനത്തിൽ തനതുഫണ്ടിൽ നിന്നും മുൻകൂർ തുക അനുവദിച്ചു. ചെലവുരേഖകൾ ഹാജരാക്കുന്നതിനും മുൻകൂർ റീക്കൂപ്പ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതിനും നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകയായ 3,15,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**എൻക്വയറി നം.24/28.7.21.**

**തടസ്സപ്പെടുത്തിയ തുക-315000/-രൂപ.**

**<u>1-25 മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത.</u>**

ഇൻഡസ് ടവറിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 10/07/2019-ന് വസ്തുനികുതി നിർണ്ണയിച്ച് വാർഡ് നമ്പർ 18-ൽ കെട്ടിട നമ്പർ 642 ആയി കെട്ടിട നമ്പർ നൽകി. ടവറിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത് താഴെ പറയുന്നപ്രകാരമാണ്

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | ടവറിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി (ച.മീറ്ററിന് 500/- രൂപ നിരക്കിൽ) |
|---|---|---|---|
| ഇൻഡസ് ടവർ | 18/642 | 20.19$m^2$ (ഡീസൽ ജനറേറ്റർ റൂം 6 ച.മി.+ഷെൽറ്റർ 14.19 ച.മി. ) | 10,095/- |

എന്നാൽ ടവറിന്റെ ഉടമസ്ഥർ സമർപ്പിച്ച പെർമിറ്റ് അപേക്ഷ, കംപ്ലീഷൻ പ്ലാൻ എന്നിവയുടെ പരിശോധനയിൽ 39.69 ച.മി. വിസ്തീർണ്ണമുള്ള ടവർ, 6 ച.മി. വിസ്തീർണ്ണമുള്ള ഡീസൽ ജനറേറ്റർ റൂം, 14.19 ച.മി. വിസ്തീർണ്ണമുള്ള ഷെൽറ്റർ എന്നിവ നിർമ്മിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. നിലവിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് 39.69 ച.മി. വിസ്തീർണ്ണമുള്ള ടവറിനെ ഒഴിവാക്കിയാണ്. അതുമൂലം പഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. ടവറിനും അനുബന്ധ കെട്ടിടങ്ങൾക്കും നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി താഴെ പറയുന്ന പ്രകാരമാണ്.

| ഇനം | വിസ്തീർണ്ണം | നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി (രൂപ) |
|---|---|---|---|
| ടവർ | 39.69 ച.മി. | ച.മീറ്ററിന് 500/- രൂപ | 19,845/- |
| ഡീസൽ ജനറേറ്റർ റൂം | 6 ച.മി. | ച.മീറ്ററിന് 40/- രൂപ | 240/- |
| ഷെൽറ്റർ | 14.19 ച.മി. | ച.മീറ്ററിന് 40/- രൂപ | 568/- |
| | **ആകെ** | | **20,653/-** |

നികുതി നിർണ്ണയത്തിലെ ഈ അപാകതകൾ കാരണം പഞ്ചായത്ത് തനതു ഫണ്ടിന് പ്രതിവർഷം 10,558/- രൂപായുടെ നഷ്ടം സംഭവിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ 18/642 നമ്പർ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നഷ്ടം ഈടാക്കേണ്ടതുമാണ്.

**എൻക്വയറി നമ്പർ. 26**

**<u>1-26 തൊഴിൽനികുതി പിരിവിലെ അപാകതകൾ.</u>**

സാമ്പത്തിക വർഷം 225 വ്യവസായ വ്യാപാര സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിരുന്നുവെങ്കിലും ഒരു വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചിട്ടില്ല. പഞ്ചായത്ത് ലൈസൻസ് നൽകിയവയിൽ വൻകിട ക്വാറികളും ക്രഷറുകളും ഫാക്ടറികളും ഉൾപ്പെടുന്നു. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 2 ൽ അധികം ജീവനക്കാരുള്ള ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉള്ളതായി കാണുന്നു. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു

സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. അതുപ്രകാരം വ്യവസായ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത.

ഇൻഡസ് ടവറിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 10/07/2019-ന് വസ്തുനികുതി നിർണ്ണയിച്ച് വാർഡ് നമ്പർ 18-ൽ കെട്ടിട നമ്പർ 642 ആയി കെട്ടിട നമ്പർ നൽകി. ടവറിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത് താഴെ പറയുന്നപ്രകാരമാണ്.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | ടവറിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി (ച.മീറ്ററിന് 500/- രൂപ നിരക്കിൽ) |
|---|---|---|---|
| ഇൻഡസ് ടവർ | 18/642 | 20.19m$^2$ (ഡീസൽ ജനറേറ്റർ റൂം 6ച.മി.+ ഷെൽറ്റർ 14.19ച.മി ) | 10,095/- |

എന്നാൽ ടവറിന്റെ ഉടമസ്ഥർ സമർപ്പിച്ച പെർമിറ്റ് അപേക്ഷ, കംപ്ലീഷൻ പ്ലാൻ എന്നിവയുടെ പരിശോധനയിൽ 39.69 ച.മി. വിസ്തീർണ്ണമുള്ള ടവർ, 6 ച.മി. വിസ്തീർണ്ണമുള്ള ഡീസൽ ജനറേറ്റർ റൂം, 14.19 ച.മി. വിസ്തീർണ്ണമുള്ള ഷെൽറ്റർ എന്നിവ നിർമ്മിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. നിലവിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് 39.69 ച.മി. വിസ്തീർണ്ണമുള്ള ടവറിനെ ഒഴിവാക്കിയാണ്. അതുമൂലം പഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. ടവറിനും അനുബന്ധ കെട്ടിടങ്ങൾക്കും നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി താഴെ പറയുന്ന പ്രകാരമാണ്.

| ഇനം | വിസ്തീർണ്ണം | നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി (രൂപ) |
|---|---|---|---|
| ടവർ | 39.69 ച.മി. | ച.മീറ്ററിന് 500/- രൂപ | 19,845/- |
| ഡീസൽ ജനറേറ്റർ റൂം | 6 ച.മി. | ച.മീറ്ററിന് 40/- രൂപ | 240/- |
| ഷെൽറ്റർ | 14.19 ച.മി. | ച.മീറ്ററിന് 40/- രൂപ | 568/- |
| | **ആകെ** | | **20,653**/- |

നികുതി നിർണ്ണയത്തിലെ ഈ അപാകതകൾ കാരണം പഞ്ചായത്ത് തനതു ഫണ്ടിന് പ്രതിവർഷം 10,558/-രൂപായുടെ നഷ്ടം സംഭവിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ 18/642 നമ്പർ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നഷ്ടം ഈടാക്കേണ്ടതുമാണ്.

**എൻക്വയറി നമ്പർ.26**

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടാറിംഗ് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല, 16,579/- രൂപാ നിരാകരിക്കുന്നു.

താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രവൃത്തി വിവരം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (238+18% ജി.എസ്.ടി.) |
|---|---|---|---|---|
| 1 | പ്രവൃത്തി-കാവടി കുന്നംപുറം റോഡ് (So 203/20)<br>അടങ്കൽ തുക-9,00,000/- (സംരക്ഷണ ഗ്രാൻറ്, റോഡ്)<br>കരാറുകാരൻ-ശ്രീ. സുനിൽദത്ത് , ഗ്രാമശ്രീ, ചാണപ്പാറ<br>കരാർ-84/AE/LSGD/ITTIVA/18-19, 19-07-2018, ചെലവ്-8,08,130/-<br>ബിൽ നം2,10-05-2019 | ബിറ്റുമിൻ-2316<br>ഇമൽഷൻ 1042 | 20 | 5,620/- |
| 2 | പ്രവൃത്തി- അണപ്പാട് റോഡ് റീടാറിംഗും മെയിൻറൻസും (So 259/19)<br>അടങ്കൽ തുക-5,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. സുനിൽദത്ത് , ഗ്രാമശ്രീ, ചാണപ്പാറ<br>കരാർ-84/AE/LSGD/ITTIVA/18-19, 19-09-2018, ചെലവ്-4,99,851/-<br>ബിൽ നം 07, 04-07-2019 | ബിറ്റുമിൻ-3944<br>ഇമൽഷൻ-378 | 27 | 7,587/- |
| 3 | പ്രവൃത്തി-ഏഴിക്കൽ തച്ചടി റോഡ് ടാറിംഗ് (So 229/20) | ബിറ്റുമിൻ-1290<br>ഇമൽഷൻ-435 | 12 | 3,372/- |

| | | | | |
|---|---|---|---|---|
| | അടങ്കൽ തുക-483983<br>(ധനകാര്യ കമ്മീഷൻ ഗ്രാൻറ്, )<br>കരാറുകാരൻ-ശ്രീ. ഷിബു സി രാജ്<br>കരാർ-103/AE/LSGD/ITTIVA/18-19,<br>19-09-2018, ചെലവ്-4,62,866/-<br>ബിൽ നം 11, 04-07-2019 | | | |
| | | | ആകെ | 16,579/- |

കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 16,579/- രൂപാ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 5, തീ. 19-07-2021) കാലി ബാരൽ വില ഈടാക്കി വിവരം അറിയിക്കാമെന്ന മറുപടിനല്കി.

**ഓഡിറ്റ് അന്വേഷണം-5, തീയതി 19-07-2021**

**നിരാകരണം-16,579/- രൂപാ**

**3-2 കന്നുകുട്ടി വളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി-16,000/-രൂപ നിരാകരിക്കുന്നു.**

പ്രോജക്റ്റ് നം./പേര് – 205/19-20 (കന്നുകുട്ടി വളർത്തൽ പദ്ധതി ജനറൽ,S.O).
അടങ്കൽ-3,68,000/-രൂപ (1,68,000/-രൂപ വികസന ഫണ്ട്, 16,000/-രൂപ തനത് ഫണ്ട്, 1,84,000/-രൂപ ഗുണഭോക്തൃ വിഹിതം).
ചെലവ് – 1,68,000/-രൂപ (വികസന ഫണ്ട് ജനറൽ), 1,36,000/-രൂപ (ഗുണഭോക്തൃ വിഹിതം).
ബിൽ.നം. 2/19.20-18.7.19 (1,20,000/-രൂപ), 6/19-20,24.7.19-48000/-രൂപ.
വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം ഒരു യൂണിറ്റിന് (യൂണിറ്റ് ഒന്നിന് ഒരു കിടാരി ) 16,000/-രൂപ നിരക്കിൽ (8,000/-രൂപ സബ്സിഡി, 8,000/-രൂപ ഗുണഭോക്തൃ വിഹിതം) 19 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ കൈപ്പറ്റുരസീതു പ്രകാരം 16,000/-രൂപ വിലയുള്ള 19 കിടാരികളെ വെറ്റിനറി സർജൻ പക്കൽനിന്നും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ബാധകമായ സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018, ഖണ്ഡിക. 6-2-4 പ്രകാരം പൊതുവിഭാഗത്തിന് കിടാരിയുടെ വിലയുടെ 50%, പരമാവധി 8,000/-രൂപ മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്.
മേൽപ്രകാരം 1,52,000/-രൂപ (19x8000/-രൂപ) മാത്രമേ ചിലവഴിക്കാവൂ എന്നിരിക്കെ 1,68,000/-രൂപ കിടാരികളെ വിതരണം ചെയ്യുതിന് ഷൗക്കത്ത്, തടിക്കാട് എന്നയാൾക്ക് നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക്, ട്രഷറിയിൽ കൂടിയ തുകയ്ക്കുള്ള ബില്ലുകൾ മാറാൻ തടസം നേരിട്ടപ്പോൾ ആകെ തുക സ്പ്ളിറ്റ് ചെയ്ത് ചെറിയ ബില്ലുകൾ ആക്കിയപ്പോൾ പറ്റിയ പിശകാണന്ന് മറുപടി ലഭ്യമാക്കി.
സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 16,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

**എൻക്വയറി നം. – 9/22.07.21.**

**നിരാകരിച്ച തുക- 16000/-രൂപ.**

**നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ.**

**3-3 ആട് വളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി-4,000/-രൂപ നിരാകരിക്കുന്നു.**

പ്രോജക്ട് - 207/22 (19-20 വർഷം). ആട് വളർത്തൽ പൊതുവിഭഗം. (സ്പിൽ ഓവർ).

ആകെ അടങ്കൽ 3,80,000/-രൂപ.
(1,64,000/-/-രൂപ വികസന ഫണ്ട് ജനറൽ, 20,000/-രൂപ തനത് ഫണ്ട്, 1,96,000/-/-രൂപ ഗുണഭോക്തൃ വിഹിതം).

ആകെ ചിലവ്- 3,24,000/-രൂപ ( 1,60,000/-രൂപ വികസന ഫണ്ട് ജനറൽ, 1,64,000/-രൂപ ഗുണഭോക്തൃ വിഹിതം).

ബിൽ നം.-1 തീയതി 18.07.19, ബിൽ നം. 4 തീയതി-18.7.19, ബിൽ നം. 8 തീയതി 24.7.19.

മുൻ വർഷത്തെ അടങ്കലിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയിൽ തൻ വർഷം 39 ഗുണഭോക്താക്കൾക്ക് പെണ്ണാടിനെ വിതരണം നടത്തി. (ഒരു യൂണിറ്റ് – ഒരു പെണ്ണാട്, 8,000/-രൂപ വിലയുള്ളത്).

ഗുണഭോക്താക്കളുടെ കൈപ്പറ്റുരസീതു പ്രകാരം 8,000/-രൂപ വിലയുള്ള 39 പെണ്ണാടുകളെ വെറ്റിനറി സർജൻ പക്കൽനിന്നും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ബാധകമായ സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ ത.സ്വ.ഭ.വ. തീയതി 14.02.2018, ഖണ്ഡിക. 6-2-2 പ്രകാരം പൊതുവിഭാഗത്തിന് പെണ്ണാടിന്റെ വിലയുടെ 50%, പരമാവധി 10,000/-രൂപ മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്.

മേൽപ്രകാരം 1,56,000/-രൂപ (39x4000/-രൂപ) മാത്രമേ ചിലവഴിക്കാവൂ എന്നിരിക്കെ 1,60,000/-രൂപ ആടിനെ വിതരണം ചെയ്ത ഷൗക്കത്ത്, തടിക്കാട് എന്ന ആൾക്ക് നൽകിയിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി പ്ലാൻ ഫണ്ടിൽ നിന്നും 4,000/-രൂപ അധികമായി നല്കിപ്പോയിട്ടുണ്ടെന്നും, ട്രഷറിയിൽ കൂടിയ തുകയുള്ള ബില്ലുകൾ മാറാൻ തടസം നേരിട്ടപ്പോൾ ആകെ തുക സ്പ്ളിറ്റ് ചെയ്ത് ചെറിയ ബില്ലുകൾ ആക്കിയപ്പോൾ പറ്റിയ പിശകാണെന്നും മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 4,000/- രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**എൻക്വയറി നം. – 11/22.07.21.**

**നിരാകരിച്ച തുക- 4000/-**
**നിർവഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ.**

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.7.2021 & 15.7.2021 | കെ.എസ്.എ.കെ.എൽ.എം.പി3/1140/21 തീയതി 27/08/2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,97,500/- | നെൽക്കൃഷി വികസനം | 29,750/- | 2,67,750/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 10,00,000/- | ബഡ്സ് സ്കൂൾ സമഗ്ര പരിപാടി | 8,90,562/- | 1,09,438/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5,00,000/- | വയോജനങ്ങളുടെ പകൽവീട് പരിപാലനം | 4,39,670/- | 60,330/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3,50,328/- | ബഡ്സ് സ്കൂൾ സമഗ്ര പരിപാടി (SO) | 19,496/- | 3,30,832/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3,75,000/- | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 3,75,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3,20,000/- | ലൈഫ് ഭവനനിർമ്മാണം (GL) (SO) | 3,20,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 5,00,000/- | ലൈഫ് ഭവനനിർമ്മാണം (SC) (SO) | 4,60,000/- | 40,000/- |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,00,000/- | അങ്കണവാടി പോഷകാഹാരം | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,88,000/- | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 2,88,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 54,00,000/- | ലൈഫ് ഭവനനിർമ്മാണം (GL) | 54,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 22,50,000/- | ലൈഫ് ഭവനനിർമ്മാണം (SC) | 22,50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 25,000/- | അഗതിരഹിത കേരളം | 25,000/- | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ UTR No. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| 1 | KSEB | Post Shifting | 514546/4.12.19 & 514547/4.12.19<br>565072/19.03.20<br>514605/6.1.20<br>564997/7.2.20<br>564995/7.2.20<br>564998/7.2.20 | 42,445/-<br>12,828/-<br>104/-<br>6,751/-<br>22,092/-<br>13,768/- | | 97,988/- |
| 2 | KWA | പോതിയാരുവിള അരത്തക്കണ്ടപ്പൻ ക്ഷേത്രം റോഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 514557/9.12.19 | 1,00,000/- | | 1,00,000/- |
| 3 | GWD | വയ്യാനം മാർക്കറ്റ് ടോയ്‌ലറ്റിന് കുഴൽക്കിണർ നിർമ്മാണം | 21900584/19.9.19<br>21900583/19.9.19 | 3,77,120/-<br>1,29,533/- | | 5,06,653/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17,60,000/-രൂപ വരവുണ്ട്. മുൻബാക്കി 78,80,000/-രൂപയടക്കം 96,40,000/-രൂപയിൽ 90,16,518/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | തൻവർഷം ലഭിച്ച വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ജി.ഒ.(എം.എസ്) 08/18/ ത.സ്വ.ഭ.വ. തീയതി 18.05.2018 | 17,60,000/- | 3,01,86,186/- | 31,51,224/- | - | 2,87,94,962/- |

.

**4-6 സ്ഥിര നിക്ഷേപം**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച **19,159/-**രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-13 | 3,979/- | ശ്രീ. രാജീവ്, മെമ്പർ | 119080100664/6.6.19 |
| 2018-19 | 1-23 | 1,765/- | ശ്രീമതി. സാബിത. യു, അസി. സെക്രട്ടറി | 119080104094/14.2.2020 |
| 2018-19 | 3-1 | 3,110/- | ശ്രീ. അജി. കെ, അസി. എൻജിനീയർ | 119080104095/14.2.2020 |
| 2018-19 | 3-1 | 4,665/- | ശ്രീ. അജി. കെ, അസി. എൻജിനീയർ | 119080104103/14.2.2020 |
| 2018-19 | 3-2 | 2,000/- | ശ്രീ. അജി. കെ, അസി. എൻജിനീയർ | 119080104131/15.2.2020 |
| 2018-19 | 3-2 | 2,740/- | ശ്രീ. അജി. കെ, അസി. എൻജിനീയർ | 119080104219/20.2.2020 |
| 2018-19 | 3-3 | 900/- | ശ്രീ. അജി. കെ, അസി. എൻജിനീയർ | 119080104220/20.2.2020 |
| **ആകെ** | | 19,159/- | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ വിവരം |
|---|---|---|---|---|---|
| 1998-99 | - | 2000-01 | - | ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് ഇലക്ട്രിക് വയറിംഗ് കരാറുകാരന് നൽകിയ മുൻകൂർ നിരാകരിക്കുന്ന രൂപ – 25,000/-രൂപ. | ലഭ്യമല്ല |
| 2000-01, 2001-02 | 2-10 | 2007-08 | 3-9-1 | മണൽ ലേലം വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടം | ലഭ്യമല്ല |
| - | - | 2012-13 | - | ലഘുഅവലോകനം – ഫ്രണ്ട് ഓഫീസ് സംവിധാനം | ലഭ്യമല്ല |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ) **ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10,558/- | | ശ്രീ. പ്രഭാകരൻപിള്ള, സെക്രട്ടറി |
| 3-1 | | 16,579/- | ശ്രീ. കെ. അജി, അസി. എഞ്ചിനീയർ |
| 3-2 | | 16,000/- | ശ്രീ. സുഭാഷ്, വെറ്റിനറി സർജൻ |
| 3-3 | | 4,000/- | ശ്രീ. സുഭാഷ്, വെറ്റിനറി സർജൻ |
| ആകെ | 10,558/- | 36,579/- | |

**(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 4,68,750/- | ശ്രീ. സുഭാഷ്, വെറ്റിനറി സർജൻ |
| 1-14 | 5,06,653/-<br>1,10,000/-<br><br>50,000/- | ശ്രീ. പ്രഭാകരൻപിള്ള, സെക്രട്ടറി<br>ശ്രീമതി. സാബിദ. യു, അസി. സെക്രട്ടറി<br>(സെക്രട്ടറി ഇൻ ചാർജ്ജ്)<br>ശ്രീമതി. ഉഷാകുമാരിഅമ്മ, സെക്രട്ടറി |
| 1-23 | 6,000/- | ശ്രീമതി. സാബിദ. യു, അസി.സെക്രട്ടറി |
| 1-24 | 3,15,000/- | ഡോ, അൻവർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 14,56,403/- | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

**ഇല്ല**

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുഭാഷ്,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>വെറ്റിനറി ഡിസ്പൻസറി, കുമ്മിൾ | ദിവ്യശ്രീ, പുതിയകാവിൽ,<br>കിളിമാനൂർ |
| ശ്രീ. പ്രഭാകരൻപിള്ള,<br>സെക്രട്ടറി | സെക്രട്ടറി,<br>നിലമേൽ ഗ്രാമപഞ്ചായത്ത് | വൈശാഖം, അർക്കന്നൂർ<br>പി.ഒ. അർക്കന്നൂർ |
| ശ്രീമതി. ഉഷാകുമാരിഅമ്മ,<br>സെക്രട്ടറി | മരണപ്പെട്ടു | പ്ലാവിളവീട്,<br>ഇളമാട്.പി.ഒ., ഇളമാട് |

| | | |
|---|---|---|
| ശ്രീമതി. സാബിദ. യു, അസി. സെക്രട്ടറി | സെക്രട്ടറി, ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | സഫാ മൻസിൽ, മഞ്ഞപ്പാറ.പി.ഒ, മഞ്ഞപ്പാറ |
| ഡോ. അൻവർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. അച്ചൻകോവിൽ | ശ്രുതി, ഇടിച്ചക്ക പ്ലാമൂട്, പാറശ്ശാല |
| ശ്രീ.കെ. അജി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ഇട്ടിവാ ഗ്രാമ പഞ്ചായത്ത് | ചരുവിളവീട്, തഴമേൽ, അഞ്ചൽ |

ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം.

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ/കെ.എൽ.എം-പി-3 427/08(1)/02-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം-പി-3 427/08(2)/02-03-2018 |
| 1999-00, 2000-01 & 2001-02 | കെ.എസ്.എ/കെ.എൽ.എം-പി-3 427/08(3)/02-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം-പി-3 427/08(4)/02-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം-പി-3 427/08(5)/02-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം-പി-3 427/08(6)/02-03-2018 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം-പി-3 427/08(7)/02-03-2018 |
| 2006-07 | എൽ.എഫ്.ക്യൂപി-4/661/2010/29-12-2011 |
| 2007-08 | എൽ.എഫ്.ക്യൂപി-4/662/2010/29-12-2011 |
| 2008-09 | എൽ.എഫ്.ക്യൂപി-4/1405/2012/22-12-11 |
| 2009-10 & 2010-11 | എൽ.എഫ്.ക്യൂപി-4/1358/2012/13-08-13 |
| 2011-12 | എൽ.എഫ്.ക്യൂപി-4/539/14/05-05-14 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂപി-4/1447/15/16-09-2015 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം-പി-4/991/2016/09-06-2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി-4/335/2017/15-02-2017 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-3/1121/2017/07-07-2017 |

| | |
|---|---|
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-3 1390/2018/12-09-2018 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി-3 -1313/19/1.11.19 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്